**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1293 30.01.2018 ൽ മറുപടിയ്ക്ക്**

**<u>സ്വകാര്യ സ്കൂൾ, കോളേജ് അദ്ധ്യാപകരുടെ യോഗ്യത</u>**

| **<u>ചോദ്യം</u>** | | **അന്തിമ മറുപടി** | |
|---|---|---|---|
| **ശ്രീ. കെ. കൃഷ്ണൻകുട്ടി** | | **പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര സ്വകാര്യ സ്കൂളുകളും കോളേജുകളുമാണുള്ളത്; | (എ) | പൊതു വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനത്ത് നിലവിൽ 7220 പ്രൈവറ്റ് എയ്ഡഡ് സ്കൂളുകളും 1066 പ്രൈവറ്റ് അൺ എയ്ഡഡ് (അംഗീകൃതം) സ്കൂളുകളുമാണുള്ളത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനത്ത് നിലവിൽ 156 ആർട്ട്സ് & സയൻസ് കോളേജുകൾ, 17 എയ്ഡഡ് ട്രെയിനിംഗ് കോളേജുകൾ, 11 അറബിക് കോളേജുകൾ ഉൾപ്പെടെ 184 കോളേജുകൾ, എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്നു. |
| (ബി) | പ്രസ്തുത സ്കൂളുകളിലും കോളേജുകളിലും പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ യോഗ്യതകൾ പരിശോധിക്കുവാൻ സർക്കാരിന് ബാധ്യതയുണ്ടോ; | (ബി) | സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ യോഗ്യതകൾ പരിശോധിക്കുവാൻ സർക്കാരിന് ബാധ്യതയുണ്ട്. എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക നിയമനങ്ങളിൽ അപ്രൂവൽ നൽകുന്നത് യൂണിവേഴ്സിറ്റികളായതിനാൽ യോഗ്യത പരിശോധിക്കുവാനുള്ള ബാധ്യത യൂണിവേഴ്സിറ്റികളിൽ നിക്ഷിപ്തമാണ്. |
| സി) | അദ്ധ്യാപകർക്ക് യോഗ്യത ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് പൊതുജനത്തിന് സർക്കാരിൽ പരാതിപ്പെടാനുള്ള സംവിധാനമുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | പൊതു വിദ്യാഭ്യാസ മേഖലയിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർക്കും സർക്കാരിനും ഉന്നത വിദ്യാഭ്യാസ മേഖലയിൽ സർക്കാർ, കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ പരാതി നല്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ